'ഭരണഭാഷ- മാതൃഭാഷ'

A2-2306/19/KTM

ജില്ലാരജിസ്ട്രാർ(ജനറൽ)ടെ കാര്യാലയം
കളക്ടേറ്റ്.പി.ഒ.
കോട്ടയം,തീയതി: 8/08/2019
ഇ-മെയിൽ regktm@kerala.nic.in
ഫോൺ 0481 -2563822

ജില്ലാരജിസ്ട്രാർ(ജനറൽ)
കോട്ടയം

എല്ലാ സബ് രജിസ്ട്രാർമാർക്കും

സർ,

വിഷയം :- രജി.വകുപ്പ് - മൂന്നും നാലും പുസ്തകങ്ങളിൽ ഉൾപ്പെടുന്ന ആധാരങ്ങളുടെ വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച്.

സൂചന ബഹു. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 6.8.2018 ലെ ഫോൺ സന്ദേശം

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന പ്രകാരം നിർദ്ദേശിച്ചതനുസരിച്ച് മൂന്നും നാലും പുസ്തകങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടേണ്ട ആധാരങ്ങളുടെ വസ്തുവിവര പട്ടിക ഉൾപ്പെടെയുള്ള വിവരങ്ങൾ കൃത്യമായി PEARL ൽ അപ്ഡേറ്റ് ചെയ്ത് കാണുന്നില്ല എന്ന് അറിയിച്ചിരിക്കുന്നു. ആധാരങ്ങളുടെ ടോക്കൺ വെരിഫിക്കേഷൻ ചെയ്യുന്ന സമയത്ത് ആവശ്യാനുസരണം എല്ലാ വിവരങ്ങളും PEARL ൽ കൃത്യമായി അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോ എന്ന് സബ് രജിസ്ട്രാർ ഉറപ്പ് വരുത്തേണ്ടതാണന്ന് നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശം കൈപ്പറ്റിയതിന്റെ രസീത് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ജില്ലാ രജിസ്ട്രാർ (ജനറൽ)
കോട്ടയം